പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – **148** **21. 01. 2014-** ലെ മറുപടി

'നിതാഖത്ത്' നിയമം മൂലം ജോലി നഷ്ടപ്പെട്ട പ്രവാസികളുടെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി. യു. കുരുവിള<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) 'നിതാഖത്ത്' നിയമം മൂലം സൗദി അറേബ്യയിൽ നിന്നും ജോലി നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികൾക്ക് ഏർപ്പെടുത്തിയ ക്ഷേമപദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ; | (എ) വിദേശത്ത് ജോലിചെയ്ത് തിരികെയെത്തിയവർക്ക് നോർക്ക വകുപ്പിന്റെ നിലവിലുള്ള ക്ഷേമ പദ്ധതികളായ, സാന്ത്വന, ചെയർമാൻ ഫണ്ട് എന്നീ ധന സഹായ പദ്ധതി കളുടെയും, തിരികെയെത്തി സ്വയം സംരംഭങ്ങൾ തുട ങ്ങുവാൻ ആഗ്രഹിക്കുന്നവരെ സഹായിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം, തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി വിഭാവന ചെയ്തിട്ടുള്ള തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പ രിപാടി തുടങ്ങിയ പദ്ധതികളുടെ ആനുകൂല്യത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്. വിദേശത്തുനിന്നും തിരികെയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി .നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM)എന്ന ഒരു പദ്ധതി നിലവിലുണ്ട്. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്കുകളിലൂടെയും മറ്റ് ധനകാര്യസ്ഥാപനങ്ങളിലൂടെയും വായ്പ ലഭ്യമാക്കുന്നതിനും ഇത്തരത്തിൽ ലഭ്യമാക്കുന്ന വായ്പകൾക്ക് പ്രോജക്ട് കോസ്റ്റിന്റെ 10% മൂലധന സബ്സിഡി(പരമാവധി 2 ലക്ഷം രൂപ) നൽകുന്നതിന് ഈ പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്നു. കൂടാതെ, നിതാഖത്ത് നിയമം ഉൾപ്പെടെ ഗൾഫ് രാജ്യങ്ങളിലെ സ്വദേശീവത്കരണം കാരണം |

മടങ്ങേണ്ടിവരുന്ന പ്രവാസികൾക്കായി ഒരു സമഗ്ര പുനരധിവാസ പദ്ധതി 07/11/2013 ലെ ജി.ഒ.(എം. എസ്.) 06/2013/നോർക്ക പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

ഇതിനുപുറമേ സംസ്ഥാന പിന്നാക്ക സമുദായ കോർപ്പറേഷൻ 3% പലിശയ്ക്ക് സ്വയംതൊഴിൽ പദ്ധതികൾക്കായി തിരികെയെത്തിയ പിന്നാക്ക സമുദായത്തിൽപ്പെട്ട പ്രവാസികൾക്കായി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇവരുടെ പുനരധിവാസത്തിനും വീണ്ടും വിദേശങ്ങളിൽ ജോലി ലഭിക്കുന്നതിന് പ്രഥമ പരിഗണന നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുനരധിവാസ പാക്കേജിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസി കേരളീയരെ, പ്രമുഖരായ പ്രവാസി വ്യവസായികളുടെ സഹായത്തോടെ ഗൾഫ് രാജ്യങ്ങളിൽ തന്നെ തൊഴിൽ വിസായിൽ തിരികെ അയയ്ക്കുകയെന്നതിനാണ് പ്രഥമ പരിഗണന നൽകിയിട്ടുള്ളത്. ഇതിനായി സംസ്ഥാന മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായികളുമായി കൂടിയാലോചിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. തിരികെ പോകാൻ ആഗ്രഹിക്കുന്ന തിരികെയെത്തിയ പ്രവാസി കേരളീയർക്ക് നോർക്ക വകുപ്പിന്റെ ജോബ് പോർട്ടലിൽ പ്രത്യേകമായി രജിസ്റ്റർ ചെയ്യുന്നതിനും അത്തരം വ്യക്തികൾ മാത്രം ഉൾപ്പെടുന്ന ഒരു ഡാറ്റാ ബേസ് / വ്യക്തി വിവര സഞ്ചയം തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പരിപാടിയുടെയും തൊഴിൽ വകുപ്പിന് കീഴിലുള്ള വ്യവസായിക പരിശീലന കേന്ദ്രങ്ങളിലൂടെയും ഇപ്രകാരം തിരികെയെത്തി വരുന്നവർക്ക് തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പരിശീലന പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**